PROCEEDINGS OF

THE KERALA LEGISLATIVE ASSEMBLY

First Session—1959

(Second Meeting)

Tuesday, the 9th June 1959

KERALA LEGISLATURE LIBRARY
Thiruvananthapuram

Vol. VII] OFFICIAL REPORT [No. 71

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock on Tuesday, the 9th June 1959, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day)

ORAL ANSWERS

പോലീസ് ഉദ്യോഗസ്ഥന്മാരുടെ സ്ഥലംമാറ്റം.

* 1755 [1] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

1958 മാർച്ചിനു ശേഷം, ഒരു സ്ഥലത്തു പോസ്റ്റിങ്ങു ചെയ്തിട്ടു് ഒരു കൊല്ലത്തിനുള്ളിൽ സ്ഥലം മാറ്റത്തിനു വിധേയരായ പോലീസ് സബ് ഇൻസ്പെക്ടർ ഇൻസ്പെക്ടർ, ഡി. വൈ. എസ്. പി., ഡി. എസ്. പി. എത്ര; ഈ സ്ഥലം മാറ്റങ്ങൾ കാരണം ഗവണ്മെൻറിനു് അലവൻസുകളും മറ്റും നൽകിയവകയിൽ എത്ര തുക നഷ്ടം സഹിക്കേണ്ടിവന്നിട്ടുണ്ടു് ?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) :

സബ് ഇൻസ്പെക്ടർമാർ	72
ഇൻസ്പെക്ടർമാർ	33
ഡി. വൈ. എസ്. പി.	12
ഡി. എസ്. പി.	7

LIBRARY ARCHIVES Kerala Legislative Assembly

മേൽപറഞ്ഞവരുടെ സ്ഥലംമാറ്റം കാരണം യാത്രപ്പടിമുതലായ വകയിൽ 3211 രൂപ ചെലവായിട്ടുണ്ട്.

ശ്രീ. സി. എ. മാത്യു : 1958 മാർച്ചിനുശേഷം ഒരു കൊല്ലം തികച്ച് ഒരിടത്തിരിക്കാൻ കഴിയാതെ സബ് ഇൻസ്പെക്ടർമാരെയും മറ്റും സ്ഥലം മാറ്റിയിട്ടുണ്ട്. ഇങ്ങനെ വരാൻ മൊത്തത്തിലുള്ള കാരണം എന്താണെന്നു പറയാമോ ?

ശ്രീ. സി. അച്യുതമേനോൻ : ഭരണപരമായ ആവശ്യങ്ങൾക്കുവേണ്ടി മാറ്റിയതാണു്. ഒരു മൂന്നുപേരെ മാറ്റണമെങ്കിൽ കാൺസിക്വൻഷ്യലായി പത്തു പന്ത്രണ്ടുപേരെ മാറ്റേണ്ടിവരും.

ശ്രീ. സി. എ. മാത്യു : ഇങ്ങനെ മാറ്റുന്നതുകൊണ്ടു് അവരുടെ കുട്ടികളെ പഠിപ്പിക്കുന്നതിനും മറ്റും വളരെ ബുദ്ധിമുട്ടുണ്ടാകുന്നുണ്ടെന്നു പരാതിപ്പെട്ടിട്ടുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : അങ്ങനെയുള്ള പരാതിയൊന്നുമില്ല. പോലീസ് സബ്സിനെ സംബന്ധിച്ചിടത്തോളം മറ്റു ഡിപ്പാർട്ടുമെൻറുകളിലെപ്പോലെ മൂന്നുകൊല്ലം സ്ഥിരമായിട്ടു ഒരിടത്തിരിക്കുക എന്നുള്ളതു് പ്രായോഗികമായി നടപ്പിൽ വരുത്താൻ സാധിക്കുകയില്ല. പക്ഷെ അതേ സമയത്തു് ഉദ്യോഗസ്ഥന്മാരുടെ സൗകര്യങ്ങളെക്കൂടി കണക്കിലെടുത്തുകൊണ്ടുതന്നെയാണു് മാറ്റങ്ങളും വരുത്തുന്നതു്.

ശ്രീ. സി. എ. മാത്യു : ചങ്ങനാശ്ശേരി സബ് ഇൻസ്പെക്ടർ ശങ്കരമേനോനെ ഇന്നലെ ടെലഫോൺവഴി മാറ്റിയതു് എന്തുകൊണ്ടാണു് ?

ശ്രീ. സി. അച്യുതമേനോൻ : അദ്ദേഹത്തിനെ മാത്രമല്ല, കുറെ അധികം സബ് ഇൻസ്പെക്ടർമാരെ മാറ്റിട്ടുണ്ടു്. വയർലസ് മുഖേനയാണു് ചെയ്യുന്നതു്. അതിനു് ടെലഫോൺ ഉപയോഗിക്കേണ്ട ആവശ്യമില്ല.

ശ്രീ. സി. എ. മാത്യു : വരാൻ പോകുന്ന പ്രക്ഷോഭണത്തെ നേരിടുന്നതിൽ കമ്മ്യൂണിസ്റ്റുപാർട്ടി നിർദ്ദേശങ്ങൾക്കു എതിരായി നിൽക്കുമെന്നു കാണുന്ന ഉദ്യോഗസ്ഥന്മാരെ ഉപദ്രവിക്കുന്നതിനു് അനാവശ്യമായി സ്ഥലം മാറ്റുന്നതാണെന്നുള്ള ഒരു വാർത്ത പരന്നിട്ടുള്ളതായി അറിയാമോ ?

ശ്രീ. സി. അച്യുതമേനോൻ : ആ വാർത്ത അടിസ്ഥാനരഹിതമാണു്. നേരെ മറിച്ചു് പ്രക്ഷോഭണം വരുന്ന അവസരത്തിൽ ഏറ്റവും അധികം ബുദ്ധിമുട്ടുള്ള പ്രദേശങ്ങളിലേയ്ക്കു ഏറ്റവും അധികം പ്രാപ്തന്മാരെ നിയമിക്കും. അതാണു് ചെയ്യുന്നതു്.

ശ്രീ. പി. റ്റി. ചാക്കോ : ഓരോ സ്ഥലത്തുമുള്ള കമ്മ്യൂണിസ്റ്റുപാർട്ടി ബ്രാഞ്ചു് സെക്രട്ടറിമാർ അതാതു സ്ഥലത്തുള്ള കാര്യങ്ങൾ ശ്രദ്ധയോടുകൂടി അന്വേഷിച്ചു് അവരുടെ നിർദ്ദേശം കേൾക്കാത്ത ഉദ്യോഗസ്ഥന്മാരെപ്പറ്റി റിപ്പോർട്ടു ചെയ്യണമെന്നു പാർട്ടി ആവശ്യപ്പെട്ടിട്ടുള്ളതായി പത്രത്തിൽ ഒരു വാർത്ത കണ്ടു. അതിനെപ്പറ്റി ഗവണ്മെൻറിനു് വല്ല അറിവും ഉണ്ടോ ? ആ വാർത്ത ഗവണ്മെൻറിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : ശ്രദ്ധയിൽപെട്ടിട്ടില്ല. കമ്മ്യൂണിസ്റ്റുപാർട്ടിയിലെ മെമ്പർ എന്ന നിലയിൽ. ആ വാർത്ത ശരിയല്ലെന്നു ഞാൻ അറിയിക്കുന്നു.

ശ്രീ. കെ. എ. ബാലൻ : ഇങ്ങനെയുള്ള പ്രചരണം കാൺഗ്രസ്സു് തുടർച്ചയായി നടത്തിവരുന്നു എന്നുള്ളതു ഗവണ്മെൻറിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ .

(ഉത്തരം ഇല്ല)

LIBRARY ARCHIVES Kerala Legislative Assembly